LIBRARY ARCHIVES Kerala Legislative Assembly

പ്ലാൻ & നോൺ പ്ലാൻ ബഡ്ജറ്റ് വിഹിതവും ചെലവും

118 (464) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിലെ പ്ലാൻ & നോൺ പ്ലാൻ ബഡ്ജറ്റ് വിഹിതവും ചെലവും വകുപ്പ തിരിച്ചുള്ളതും 2015 ഫെബ്രുവരി 28 വരെയുള്ളതുമായ വിശദമായ സ്റ്റേറ്റ്മെന്റ് നൽകുമോ ;

(ബി) ചെലവ് കുറയുവാനുണ്ടായ സാഹചര്യം നികുതിയിനത്തിൽ വന്നു ചേർന്നിട്ടുള്ള കുറവാണോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ വിവിധ ധനാഭ്യർത്ഥനകൾക്കു കീഴിൽ പ്ലാൻ-നോൺപ്ലാൻ ഇനങ്ങളിലായി വകയിരുത്തിയ തുകയും, അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015 ജനുവരി 31 വരെ ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ആകെ ചെലവിൽ കുറവു വന്നിട്ടില്ല.

ആസ്തി വികസന ഫണ്ട് വിനിയോഗം

119 (465) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആസ്തി വികസന ഫണ്ട് വിനിയോഗത്തിലെ കാലതാമസം ഒഴിവാക്കുവാൻ അവയുടെ നിർവ്വഹണം ജില്ലാ കളക്ടർമാരെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളെല്ലാം പാലിച്ച് ഭരണ വകുപ്പിന്റെ ശിപാർശയോടെ ധനാനുമതിക്കായും ഫണ്ട് റിലീസിനും എത്തുന്ന ഭൂരിപക്ഷം ഫയലുകളിലും കാലവിളംബം കൂടാതെ തന്നെ തീരുമാനമെടുക്കാറുണ്ട്. ആസ്തി വികസന പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്ക് എൻ.ഐ.സി.-യുമായി ചേർന്ന് സോഫ്റ്റ്വെയർ അധിഷ്ഠിതമായ ഒരു സംരംഭത്തിന് തുടക്കം കുറിക്കാൻ ധനവകുപ്പിൽ ഉന്നതതല ചർച്ചകൾ നടന്നുവരുന്നു. താരതമ്യേന വലിയ അടങ്കലുള്ള പ്രവൃത്തികളാണ് ആസ്തി വികസന പദ്ധതിയിൻകീഴിൽ നിർദ്ദേശിക്കപ്പെടുന്നത്. ആയതിനാൽ പ്രാദേശിക വികസന ഫണ്ടിന്റെ മാതൃകയിൽ ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.